**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാലയിലെ വിസിറ്റിംഗ് പ്രൊഫസ്സർ / ഗസ്റ്റ് ഫാക്കൽറ്റി നിയമനം - യുജിസി മാനദണ്ഡങ്ങൾ പാലിക്കുന്നത് - 13/10/2020 -ലെ സിണ്ടിക്കേറ്റ് തീരുമാനം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 5479/AD A 5/2020/എം.ജി.യു　　　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 18.11.2020

---

*പരാമർശം:*-13 .10 .2020 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 47/20.05/3690/Ad.AV/5/2018 തീരുമാനം

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ വിസിറ്റിങ് പ്രൊഫസ്സർ / ഗസ്റ്റ് ഫാക്കൽറ്റി നിയമനങ്ങളിൽ യു.ജി.സി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന് സർവകലാശാലയുടെ 2016-17 വർഷത്തെ കെ.എസ്.എ.ഡി. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇതുസംബന്ധിച്ച വിശദീകരണം സർവ്വകലാശാല കെ.എസ്.എ.ഡി യ്ക്ക് നൽകുകയുണ്ടായി. ആയതിനെ തുടർന്ന് ടി നിയമനങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങളും, മേൽപറഞ്ഞ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർവ്വകലാശാല കൈക്കൊണ്ട തുടർ നടപടികളുടെ വിശദാംശങ്ങളും കെ.എസ് .എ.ഡി ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് വകുപ്പ് മേധാവികളിൽ നിന്നും, അധ്യാപകരുടെ വേതനവിതരണവുമായി ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കുകയും, വിഷയം സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

13.10.2020 ൽ കൂടിയ 20.05 സിൻഡിക്കേറ്റ് യോഗം വിഷയം പരിഗണിക്കുകയും മേൽ പരാമർശം പ്രകാരം ചുവടെ കൊടുത്തിട്ടുള്ള തീരുമാനം എടുക്കുകയുമുണ്ടായി.

"യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ചാണ് വിസിറ്റിംഗ് പ്രൊഫസ്സർ / ഗസ്റ്റ് ഫാക്കൽറ്റി നിയമനങ്ങൾ നടത്തേണ്ടത് എന്ന 2016 -17 ലെ ഓഡിറ്റ് റിപ്പോർട്ട് നിർദ്ദേശങ്ങൾ പാലിച്ച് മാത്രം യൂണിവേഴ്സിറ്റിയിൽ നിയമനങ്ങൾ നടത്തേണ്ടതാണ് എന്ന് തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

രമേശൻ പി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

Draft #30 of File 3690/AD.A V 5/2018/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 16-Nov-2020 09:12 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. വൈസ് ചാൻസലറുടെ പി. എസ്.
2. പ്രൊ വൈസ് ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാറുടെ പി. എ.
4. ഫിനാൻസ് ഓഫീസറുടെ പി എ
5. ജോയിന്റ് ഡയറക്ടർ ,കെ എസ് എ
6. ജെ ആർ / ഡി ആർ എ ആർ (ഭരണം)
7. ജെ ആർ / ഡി ആർ / എ ആർ (ഫിനാൻസ്)
8. ജെ ആർ / ഡി ആർ എ ആർ (അക്കാഡമിക്)
9. സെക്ഷൻ ഓഫീസർ എ സി സി
10. ഓഡിറ്റ് / ഫിനാൻസ് / ജനറൽ ക്യാഷ്
11. CITAD / IQAC / കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ / എ ഡി ഡി
12. റെക്കോർഡ്സ് / ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

Draft #30 of File 3690/AD.A V 5/2018/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 16-Nov-2020 09:12 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം